12623
28/11/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും ശ്രീമതി.എസ്.സരിത എടുത്ത സ്വയം തൊഴിൽ വായ്പയുടെ കുടിശ്ശിക തുക ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ(സാധാ) നം. 692/2014/സാനീവ                                   തീയതി, തിരുവനന്തപുരം 22.11.2014.

---

പരാമർശം : (1) ശ്രീമതി. എസ് സരിത 01.07.2014 ന് ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

(2) വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 23/7/2014 - ലെ എച്ച്.ഒ /0008/ആർ1/11/3380 നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും സ്വയം തൊഴിൽ വായ്പ സ്വീകരിച്ചു കുടിശ്ശിക വരുത്തിയ നെടുമങ്ങാട് താലൂക്കിൽ ആര്യനാട് വില്ലേജിൽ കോട്ടയ്ക്കകം മുറിയിൽ മീനാങ്കൽ പാറമുക്ക് സരിതാഭവനിൽ ശ്രീമതി.എസ്.സരിത, തന്റെ ഭർത്താവ് കെ.എസ്.ആർ.ടി.എസ് ബസ് ഇടിച്ച് മരണപ്പെട്ടുവെന്നും അതിനുശേഷം സാമ്പത്തികമായി വളരെ ബുദ്ധിമുണ്ട് അനുഭവിക്കുന്നതിനാൽ തന്റെ വായ്പാ കുടിശ്ശികയിൻമേലുള്ള റിക്കവറി നടപടികൾ ഒഴിവാക്കിത്തരണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പരാമർശം (2) ലെ കത്ത് പ്രകാരം ശ്രീമതി.എസ്.സരിത 6% പലിശനിരക്കിന്മേൽ 26.06.2010 ൽ സ്വീകരിച്ച 71,250/- രൂപയുടെ വായ്പയിൽ 22.8.2014 വരെ ആകെ 75,580/- രൂപ കുടിശ്ശിക നിലനിൽക്കുന്നുണ്ടെന്ന് (മുതൽ - 63,916/-, പലിശ - 4308/-, പിഴപ്പലിശ - 7316/-, നോട്ടീസ് ചാർജ്ജ് - 40/-) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.എസ്.സരിതയുടെ സാമ്പത്തികസ്ഥിതി വളരെ മോശമായതിനാൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും എടുത്ത സ്വയം തൊഴിൽ വായ്പയിലെ കുടിശ്ശികയിൽ നിന്നും പിഴപ്പലിശ ഒഴിവാക്കി ബാക്കി തുകയായ 68,264/- രൂപ (അറുപത്തി എണ്ണായിരത്തി ഇരുനൂറ്റിയറുപത്തിനാല് രൂപ മാത്രം) വനിതാ വികസന കോർപ്പറേഷന്റെ "ആശ്വാസ് ബെനവലന്റ് സ്കീമിൽ " ഉൾപ്പെടുത്തി എഴുതി തള്ളുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.
ശ്രീമതി.എസ്. സരിത, സരിതാ ഭവൻ, പാറമുക്ക്, മീനാങ്കൽ പി.ഒ, ആര്യനാട് - 695542.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (18/10/2014 ലെ അനൗദ്യോഗിക കുറിപ്പ് നമ്പർ 5272/പി.യു.സി2/14/ധന പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
വെബ് & ന്യു മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ